**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 722** **28-06-2022 - ൽ മറുപടിയ്ക്ക്**

**നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | 'നവകേരളീയം കുടിശ്ശിക നിവാരണം' പദ്ധതിയുടെ ഭാഗമായി എന്തൊക്കെ ഇളവുകളാണ് വായ്പയെടുത്തവർക്ക് സഹകരണ വകുപ്പ് ലഭ്യമാക്കിയിട്ടുള്ളത്; ഏത് തീയതി വരെയാണ് ഇതുസംബന്ധിച്ച അപേക്ഷ സ്വീകരിക്കുന്നത്; വിശദമാക്കാമോ? | (എ) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവർക്ക് വിവിധ ഇളവുകളോടെ വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് "നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി വായ്പക്കാർക്ക് ചുവടെ പറയുന്ന പ്രകാരമുള്ള ഇളവുകൾ ലഭ്യമാക്കി വരുന്നു.<br><br>1. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴ പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നു.<br>2. ഈ പദ്ധതി പ്രകാരം സാധാരണ പലിശ നിരക്കിലാണ് പലിശ കണക്കാക്കുന്നത്.<br>3. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകൾക്ക് പലിശ പൂർണ്ണമായി ഒഴിവാക്കുന്നു.<br>4. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയുള്ള 50,000/- രൂപ വരെയുള്ള വായ്പകളിൽ വ്യവസ്ഥകൾക്ക് വിധേയമായി പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകുന്നു.<br>5. 50,000/- മുതൽ 2 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ വ്യവസ്ഥകൾക്ക് വിധേയമായി പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകുന്നു.<br>6. രണ്ട് ലക്ഷം മുതൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 40% വരെ ഇളവ് നൽകുന്നു.<br>7. വായ്പാ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി കൃത്യമായി തവണ തുകകൾ അടച്ചു വരുന്ന വായ്പക്കാർക്ക് അടച്ച പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി ഇളവുകൾ നൽകുന്നു. |

| | | | |
|---|---|---|---|
| | | | 8. പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക ആയിട്ടുള്ള 2018, 2019-ലെ പ്രളയ ബാധിത പ്രദേശങ്ങളിലെ പ്രളയ ദുരിതം നേരിട്ട വായ്പക്കാർക്കും, സംസ്ഥാനത്തെ കോവിഡ് ബാധിതരായ വായ്പക്കാർക്കും വരുമാനദായകനായ ആശ്രിതൻ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം വായ്പകൾക്കും വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് അനുവദിച്ചു വരുന്നു<br>9. മരണപ്പെട്ടവരോ, മാരക രോഗങ്ങൾ ബാധിച്ചവരോ ആയവരുടെ വായ്പകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പലിശ പൂർണ്ണമായോ/ഭാഗികമായോ, മുതലും പലിശയും ചേർന്ന ബാദ്ധ്യത ഭാഗികമായോ/ പൂർണ്ണമായോ ഇളവ് നൽകുന്നു;<br><br>നിലവിൽ ടി പദ്ധതിയുടെ കാലാവധി 2022 ജൂൺ 30 വരെയാണ്. ടി കാലയളവ് വരെ നവകേരളീയം കുടിശ്ശികനിവാരണ പദ്ധതി പ്രകാരമുള്ള ഇളവുകൾക്കായി അപേക്ഷ സമർപ്പി ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ